ഇഹ്സാൻ ●

# ഉദ്ദിഷ്ടകാര്യത്തിന് ഉപകാരസ്മരണ....

**അറക്കപ്പറമ്പിൽ** കുര്യൻ ആന്റണിയും ഒടുവിൽ അങ്കിൾ സാമിന്റെ നാട്ടിലേക്കുള്ള വണ്ടി പിടിച്ചു. ഇന്ത്യൻ രാഷ്ട്രീയനേതാക്കളിൽ അമേരിക്ക സന്ദർശിക്കാൻ ഇനി ആരും ബാക്കിയില്ല എന്നു തോന്നുന്നു. അധികാരസ്ഥാനങ്ങളിലിരുന്ന് അമേരിക്ക സന്ദർശിക്കാൻ മടിച്ച അവസാനത്തെ ആൾ നമ്മുടെ മുൻ രാഷ്ട്രപതി എ.പി.ജെ അബ്ദുൽ കലാം ആയിരുന്നു. പക്ഷേ അദ്ദേഹവും ഈയിടെ ന്യൂയോർക്ക് സന്ദർശിച്ചു. അധികമൊന്നും ആരുടെയും ശ്രദ്ധയിൽ പെടാതെപോയ ഒരു യാത്ര. അമേരിക്കയിൽ കാലുകുത്തില്ലെന്ന് സൈദ്ധാന്തികവാശിയുള്ള കമ്യൂണിസ്റ്റ് എം.പിമാർ വരെ വിമാനം കയറിയിട്ടും ആന്റണി പിടിച്ചുനിൽക്കുകയായിരുന്നു ഇതുവരെ. പക്ഷേ, നാടോടുമ്പോൾ നടുവെ ഓടുകയല്ലാതെ എന്തുചെയ്യാൻ? പക്ഷേ പതിവിന് വിപരീതമായി ആന്റണിയോട് അമേരിക്ക പുലർത്തിയ ബഹുമാനം ശ്രദ്ധേയമാണ്. അവരുടെ രീതി ഇങ്ങനെയൊന്നുമല്ല. സോഷ്യലിസം തലക്കുപിടിച്ച കാലത്ത് അമേരിക്കക്കും സാമ്രാജ്യത്വത്തിനുമെതിരെ പ്രസംഗിച്ചുനടന്ന മറ്റൊരു ഇന്ത്യൻ പ്രതിരോധ മന്ത്രി സന്ദർശനത്തിനെത്തിയപ്പോൾ അദ്ദേഹത്തെ ഉടുതുണിയഴിച്ച് പരിശോധിച്ചവരാണ് ബുഷിന്റെ നാട്ടുകാർ. ആന്റണിയും ജോർജ് ഫെർണാണ്ടസും തമ്മിലുള്ള വ്യത്യാസവും അതാണ്.

ഏറെ മടിച്ചുമടിച്ചാണ് ആന്റണി അമേരിക്കയിലേക്കു പോയതെന്നാണ് റിപ്പോർട്ടുകളിലുള്ളത്. അമേരിക്കയിൽ ആന്റണിക്കു തുല്യനായ റോബർട്ട് ഗേറ്റ്സ് ഇന്ത്യ സന്ദർശിച്ചതിന്റെ മറുപടിയായാണ് ഈ യാത്രയെന്നും പ്രധാനപ്പെട്ട കരാറുകളിൽ ആന്റണി ഒപ്പുവെക്കുകയോ സാക്ഷിയാവുകയോ ചെയ്യില്ലെന്നും ചില റിപ്പോർട്ടുകളിലുണ്ട്. ഒപ്പുവെക്കുമെന്ന് പ്രചരിപ്പിക്കപ്പെടുന്ന കരാറുകളാകട്ടെ ആണവകരാർ എന്ന വലിയ തിന്മയുടെ വെളിച്ചത്തിൽ മാത്രമാണ് അപ്രധാനമായിത്തീരുന്നത്. അല്ലായിരുന്നെങ്കിൽ ഇന്ത്യൻ പാർലമെന്റ് ദിവസങ്ങളോളം ഈ കരാറുകളെ ചൊല്ലി സ്തംഭിക്കുമായിരുന്നു. മൻമോഹൻസിംഗിന്റെ വിധേയത്വം അത്രകണ്ട് മുഴച്ചുനിൽക്കുന്ന കരാറുകളാണവ. അമേരിക്കയുമായി നടക്കുന്ന ഇടപാടുകളുടെ ഭാഗമായി ഇന്ത്യയിലെത്തുന്ന ആയുധങ്ങൾ വഴിമാറി ഉപയോഗിക്കപ്പെടുന്നുണ്ടോ എന്നറിയാൻ അവിടത്തെ ഉദ്യോഗസ്ഥർക്ക് ഇന്ത്യയിലെത്തി നമ്മുടെ ആയുധശാലകൾ പരിശോധിക്കാനുള്ള അനുവാദം നൽകുന്നതാണ് ഇതിലൊന്ന്. അമേരിക്കയുടെ കപ്പലുകൾക്കും വിമാനങ്ങൾക്കും ഇന്ത്യൻ സൈനിക താവളങ്ങൾ ഉപയോഗിക്കാൻ അനുമതി നൽകുന്നതാണ് മറ്റൊന്ന്. 'ബാർട്ടർ' വ്യവസ്ഥയിലായിരിക്കും ഇതെന്ന ഉപാധി കരാറിൽ എഴുതിവെച്ചിട്ടുണ്ട് കേട്ടോ! അതായത് ഏതെങ്കിലും കാലത്ത് വെസ്റ്റ്ഇൻഡീസിനെയോ ക്യൂബയെയോ ബ്രസീലിനെയോ മറ്റോ ആക്രമിക്കേണ്ടി വന്നാൽ ഇന്ത്യക്ക് അമേരിക്കക്കാരന്റെ താവളങ്ങളും ഉപയോഗപ്പെടുത്താമെന്നു ചുരുക്കം! ആർക്ക് ആരെയാണ് ആവശ്യമുണ്ടാവുക എന്ന് എടുത്തു പറയേണ്ടതില്ലല്ലോ. ഇറാനെയും ചൈനയെയും മറ്റും ആക്രമിക്കുന്നതിന് ഇന്ത്യൻ താവളങ്ങൾ ഉപയോഗപ്പെടുത്താൻ അമേരിക്ക എഴുതിവെച്ച വെറും കുരുട്ടുന്യായം.

കൂടുതൽ വിവാദമായേക്കാവുന്നത് ഒരുപക്ഷേ മൂന്നാമത്തെ ഉടമ്പടിയാണ്. ചില പ്രത്യേക ഉപകരണങ്ങളും സാങ്കേതികവിദ്യയും അമേരിക്ക ഇന്ത്യക്കു കൈമാറുമെങ്കിലും സംയുക്ത സൈനികനീക്കങ്ങളിൽ ഇവയുടെ ഉപയോഗം ഇരു രാജ്യങ്ങളും പങ്കിടണമെന്നാണ് ഈ കരാറിലെ വ്യവസ്ഥ. ഉദാഹരണത്തിന് ഇന്ത്യക്കു നൽകിയ ഒരു പ്രത്യേക വിമാനമോ യുദ്ധോപകരണമോ മറ്റാരെയെങ്കിലും നശിപ്പിക്കാൻ തൽക്കാലത്തേക്ക് അമേരിക്കക്ക് വിട്ടുകൊടുക്കേണ്ടിവരുമെന്നർഥം. 'സംയുക്ത ഓപ്പറേഷൻ' എന്നതിന്റെ 'സംയുക്ത വ്യാഖ്യാനം' എങ്ങനെ വരുമെന്നേ കണ്ടറിയാനുള്ളൂ. സി.130 ജൂലിയറ്റ് 30 എന്ന അത്യന്താധുനിക ചാരവിമാനമാണ് ഈ കരാറിന്റെ പരിധിയിൽ വരുന്ന പ്രധാന യുദ്ധോപകരണം. ഈ വിമാനത്തിന്റെ കാര്യത്തിൽ ഇന്ത്യയുമായുള്ള ചർച്ചകൾ പൂർത്തീകരിക്കുന്നതേ ഉള്ളുവെന്നാണ് അറിവ്. അമേരിക്കയുടെ 'ഇസ്‌ലാംവിരുദ്ധ യുദ്ധ'ത്തിനാവശ്യമായ സാമഗ്രികൾ സാമന്തരാജ്യങ്ങളുടെ കസ്റ്റഡിയിൽ ഒരുക്കി നിർത്തുക എന്നതിലപ്പുറം ഈ ഇടപാടിൽ വിശേഷിച്ചു കാര്യമൊന്നുമില്ല. വിയന്നയിലെ അമേരിക്കയുടെ 'സഹായ'ത്തെ കുറിച്ച് കോണ്ടലിസ റൈസ് കണ്ണുരുട്ടിയതും ശ്രദ്ധിക്കുക. അന്താരാഷ്ട്ര തലത്തിൽ സൗജന്യ ഏർപ്പാടുകൾ ഇല്ലെന്നും ഇന്ത്യ അമേരിക്കയെ വിട്ട് മറ്റു രാജ്യങ്ങളുമായി ആണവ ഇന്ധന ഇടപാടുകളിൽ ഏർപ്പെടരുതെന്നുമുള്ള താക്കീതും ഇതിലടങ്ങിയിട്ടുണ്ട്.

ആന്റണി അമേരിക്കയിലേക്ക് പുറപ്പെട്ടതിന്റെ തൊട്ടുടനെ ഇസ്രയേൽ സൈനിക മേധാവി അവി മിസ്റാഹി ഇന്ത്യയിൽ എത്തിയത് ശ്രദ്ധിക്കുക. ഇന്ത്യയിൽ മിസ്റാഹി പ്രധാനമായും കണ്ടത് മൂന്നു സൈനിക വിഭാഗങ്ങളുടെയും അധിപന്മാരെയാണ്. 'ഭീകരവിരുദ്ധ' സമരങ്ങളിൽ ഇന്ത്യൻ സൈന്യത്തിന് കൂടുതൽ പരിശീലനം നൽകുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ പൂർത്തീകരിക്കുകയാണ് ഇസ്രയേൽ മേധാവിയുടെ വരവിന്റെ മുഖ്യലക്ഷ്യം. ഇതിന്റെ തുടർച്ചയെന്നോണം ഉടൻതന്നെ ഇന്തോ-ഇസ്രയേൽ സംയുക്ത സൈനിക അഭ്യാസങ്ങളും പരിശീലനവും നടക്കും. സാധാരണഗതിയിൽ പതിവല്ലെങ്കിലും ഇയാൾക്ക് പ്രതിരോധമന്ത്രാലയത്തിൽ 'ഗാർഡ് ഓഫ് ഓണർ' നൽകിയതായും വാർത്തകളിലുണ്ട്. ഒരു കാലത്ത് നമ്മുടെ ചേരിചേരാ നയവും ജനാധിപത്യ മൂല്യങ്ങളും തൊടാനറച്ച സയണിസ്റ്റ് ഭീകരതയുടെ പ്രതീകത്തെയാണ്  ഈ ചുവപ്പുപരവതാനി സ്വീകരണത്തിലൂടെ ജനാധിപത്യ രാജ്യമായ ഇന്ത്യ ആദരിച്ചതെന്നോർക്കുക. ആണവകരാർ തുറന്നു തരുന്ന അനന്തസാധ്യതകളും വ്യാപാരക്കിമ്പളവും കണ്ട് കണ്ണുമഞ്ഞളിച്ചിരിക്കുന്ന നമ്മുടെ രാഷ്ട്രീയക്കാർക്കെന്ത് ജനാധിപത്യവും ചേരിചേരാനയവും?

അമേരിക്കയുടെ 'തന്ത്രപ്രധാനമായ' ഇടപെടലിന്റെ സഹായത്തോടെ വിയന്നയിൽ ഇന്ത്യ 'നിർണായക നേട്ടം' കൊയ്ത സാഹചരത്തിൽ ആണവകരാറിന്റെ ശേഷിച്ച വ്യവസ്ഥകളിലും ഇന്ത്യ തുല്യം ചാർത്തുമെന്നാണ് കേൾക്കാനുള്ളത്. ഇന്ത്യക്ക് യാതൊരു ആനുകൂല്യവും നൽകുന്നില്ലെന്നു മാത്രമല്ല ഇന്ത്യയെ 'ക്ഷ' വരപ്പിക്കുന്നുണ്ടെന്നും വിയന്നയിൽ അമേരിക്ക ആണവ ഉൽപ്പാദക രാജ്യങ്ങളുടെ സംഘത്തെ അറിയിച്ചിരുന്നല്ലോ. മാധ്യമങ്ങൾ ഇതിനെ ചിത്രീകരിച്ചത് പതിവുവിട്ടുള്ള അമേരിക്കൻ സൗജന്യമായാണ്. എന്തായാലും ശരി, ആ സഹായത്തിന് ഏറ്റവുമാദ്യം ഉപകാരസ്മരണ പുതുക്കാനുള്ള സൗഭാഗ്യം നമ്മുടെ ആന്റണിയദ്ദേഹത്തിന്റേതായി. ഇങ്ങോരെ കൊണ്ട് കൈക്കൂലിയുടെയും കിമ്പളത്തിന്റെയും ആശാന്മാർ ചെയ്യിപ്പിക്കുന്ന ഓരോ കടുപ്പത്തരം എന്നല്ലാതെ എന്തു പറയാൻ? ഇതിനിടെ മറ്റൊരു വാർത്ത കൂടി. സെപ്റ്റംബർ 25-ന് ഐക്യരാഷ്ട്ര സഭാ സമ്മേളനത്തിനിടെ മൻമോഹൻ ബുഷിനെ കാണുമത്രെ! എന്തൊരു നാണക്കേട് അല്ലേ? യു.എൻ സഭാ യോഗത്തിനെത്തുന്ന രാഷ്ട്ര നേതാക്കൾ അവിടെവെച്ച് മറ്റു കൂടിക്കാഴ്ചകളിൽ എർപ്പെടരുതെന്നാണ് ചട്ടം. മൻമോഹൻ സിംഗ് ഇത് ലംഘിക്കുന്ന ആദ്യത്തെ ഇന്ത്യൻ പ്രധാനമന്ത്രിയാവുന്നത് ജോർജ് ബുഷിന് നന്ദി പറയാനാണെന്നു വരുമ്പോൾ.... ■